മെട്രോ വാർത്ത

04 May 2017

# മത്സ്യബന്ധനം ഉപജീവനമാക്കിയ ദമ്പതിമാരെ ആദരിക്കുന്നു

കൊച്ചി: കടൽ മത്സ്യബന്ധനം ഉപജീവനമാർഗമാക്കിയ ദമ്പതികളെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിക്കുന്നു. കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന രാജ്യത്തെ ഏക ദമ്പതിമാരായ തൃശൂർ കുണ്ടഴിയൂരിലെ കെ.വി. കാർത്തികേയനെയും ഭാര്യ കെ.സി. രേഖയെയുമാണ് ആദരിക്കുന്നത്.

നാളെ സിഎംഎഫ്ആർഐയിൽ നടക്കുന്ന മത്സ്യത്തൊഴിലാളി സംഗമത്തിൽ കേന്ദ്ര മന്ത്രി സുദർശൻ ഭഗത് രാവിലെ 10.30ന് ഇരുവരെയും പൊന്നാട അണിയിക്കും. ഒരുവർഷം നീണ്ടുനിൽക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായാണ് പരിപാടി.

കടലിൽ കൂടുമത്സ്യ കൃഷി നടത്തുന്നതിനുള്ള എല്ലാ സഹായവും ഇവർക്ക് സിഎംഎഫ്ആർഐ നൽകുന്നുണ്ട്. കൂടുകൃഷി നടത്തുന്നതിനുള്ള കാളാഞ്ചി മത്സ്യക്കുഞ്ഞുങ്ങൾ ചടങ്ങിൽ കേന്ദ്ര മന്ത്രി ദമ്പതിമാർക്ക് സമ്മാനിക്കും. കൃഷി നടത്തുന്നതിനുള്ള കൂട്, അനുബന്ധ സംവിധാനങ്ങൾ, മത്സ്യത്തീറ്റ എന്നിവ സിഎംഎഫ്ആർഐ ഇതിനകം കൈമാറിയിട്ടുണ്ട്.



ഒരുമിച്ച് കടലിൽ മത്സ്യബന്ധനത്തിനിറങ്ങുന്ന ചേറ്റുവ കുണ്ടഴിയൂർ സ്വദേശികളായ കരാട്ട് കെ.വി. കാർത്തികേയനും ഭാര്യ കെ.സി രേഖയും.

കടലിൽ ബോട്ട് ഉപയോഗിച്ച് മീൻപിടിത്തം നടത്തുന്ന രാജ്യത്തെ ആദ്യ വനിതയാണ് രേഖ. കായൽ മത്സ്യബന്ധനത്തിൽ സ്ത്രീകളുടെ സാന്നിധ്യം നിലവിലുണ്ടെങ്കിലും കടലിൽ സ്ത്രീകൾ പോകുന്നതായി വിവരമില്ല.

രാവിലെ 9.30ന് മന്ത്രി സിഎംഎഫ്ആർഐയിലെ മ്യൂസിയം സന്ദർശിക്കും. വിവിധയിനം വറ്റ മത്സ്യങ്ങളെ തിരിച്ചറിയുന്നതിന് വേണ്ടി സിഎംഎഫ്ആർഐയിലെ ഉപരിതല മത്സ്യ ഗവേഷണ വിഭാഗം പുറത്തിറക്കിയ കൈപ്പുസ്തകം കേന്ദ്ര മന്ത്രി പ്രകാശനം ചെയ്യും.